DESPATCHED On..12/7/22.


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2561614, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


**AP.No.1277 (1)/2020/SIC തീർപ്പു കല്പിച്ചു കൊണ്ടുള്ള നടപടിക്രമം**
**File No. 9397/SIC-G4/2020)**
(ഉത്തരവുകൾ sic.kerala.gov.in ൽ ലഭ്യമാണ്)

സന്നിഹിതൻ
ഡോ.വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ
തീയതി : 2022 ജൂലൈ 5

ശ്രീ. മാത്യു ജോർജ്,
എബിൻസ് വില്ല, പ്രിയദർശനി നഗർ - 16,
പുലമൺ പി.ഒ., കൊട്ടാരക്കര,
കൊല്ലം - 691 506.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ജില്ലാ വിദ്യാഭ്യാസ ഓഫീസ്,
കൊട്ടാരക്കര, കൊല്ലം - 691 506.

2. അപ്പീൽ അധികാരി &
ജില്ലാ വിദ്യാഭ്യാസ ഓഫീസർ,
ജില്ലാ വിദ്യാഭ്യാസ ഓഫീസ്,
കൊട്ടാരക്കര, കൊല്ലം - 691 506.
} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ശ്രീ.കെ.ജി. അശോക് കുമാർ സമർപ്പിച്ച വിശദീകരണത്തിൽ ടിയാൻ ബോധിപ്പിച്ചത്, കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ 05/10/2019 മുതൽ 18/09/2020 വരെ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പേഴ്സണൽ അസിസ്റ്റന്റായും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായും ടിയാൻ ജോലി ചെയ്തിരുന്നു. തുടർന്ന് 18/09/2020 ൽ അവിടെ നിന്നും ട്രാൻസ്ഫർ ആവുകയും 31/03/2022 ൽ പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിലെ അക്കൗണ്ടസ് ഓഫീസർ ആയിരിക്കെ സർക്കാർ സേവനത്തിൽ നിന്നും വിരമിച്ചു. ടിയാൻ കൊട്ടാരക്കര ഡി.ഇ.ഒ. ഓഫീസിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരിക്കേ ശ്രീ. മാത്യു ജോർജിന്റെ വിവരാവകാശ അപേക്ഷയിൽ 10/06/2022 ൽ എ1/1606/20 ഫയൽ നമ്പർ പ്രകാരം മറുപടി നൽകുകയുണ്ടായി എന്നും, ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പേഴ്സണൽ അസിസ്റ്റന്റായും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായും കൊട്ടാരക്കര, ഡി.ഇ.ഒ. ഓഫീസിൽ ജോലി

ചെയ്ത കാലയളവിൽ എയ്ഡഡ് സ്കൂളുകളുടെ ബില്ല് മേലൊപ്പ് വെയ്ക്കൽ, എയ്ഡഡ് സ്കൂളുകളുടെ നിയമനാംഗീകാരം, തസ്തിക നിർണ്ണയം, സർവ്വീസ് കാര്യങ്ങൾ, ഗവ.ഹൈസ്കൂളുകളുടെ സർവ്വീസ് കാര്യങ്ങൾ, മറ്റ് നിരവധി എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങൾ സംബന്ധിച്ച ധാരാളം ഫയലുകൾ ടിയാന് പരിശോധിക്കേണ്ടിയിരുന്നെന്നും ഇതിനിടയിൽ ശ്രീ. മാത്യു ജോർജിന്റെ വിവരാവകാശ അപേക്ഷയിൽ ടി വിവരം സംബന്ധിച്ച് ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക്, സുപ്രണ്ട് ഇവർ മുഖേന ലഭ്യമാക്കിയ മറുപടി ഉത്തമ വിശ്വാസത്തിലെടുത്തു കൊണ്ട് ടിയാന്റെ ജോലിതിരക്ക് മൂലവും സമയബന്ധിതമായി വിവരാവകാശ നിയമപ്രകാരമുള്ള ആദ്യ മറുപടി നൽകേണ്ടതിനാൽ ടിയാന്റെ ഭാഗത്തുനിന്നു വന്ന ഒരു ശ്രദ്ധക്കുറവുമൂലം ടിയാൻ അംഗീകരിച്ച എ1/1606/20 ഫയൽ പ്രകാരം മറുപടി നൽകുകയാണ് ഉണ്ടായത് എന്നും ഇത് മനഃപൂർവ്വമായി ടിയാന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയല്ലെന്നും ജോലിതിരക്കിനിടയിൽ മറ്റുള്ളവരെ വിശ്വസിച്ച് ഫയൽ കൈകാര്യം ചെയ്തതുകൊണ്ടുള്ള ഒരു പിഴവാണെന്നും ആയതിൽ ഖേദിക്കുന്നുവെന്നും ഇതുമൂലം ഹർജിക്കാരനും, ബഹു. വിവരാവകാശ കമ്മീഷനുമുണ്ടായ ബുദ്ധിമുട്ടുകൾക്ക് ടിയാൻ ആഗാധമായി ഖേദിക്കുകയും നിർവ്യാജം ക്ഷമ ചോദിക്കുന്നുവെന്നും, 31/03/2022 ന് സർവ്വീസിൽ നിന്നു വിരമിച്ചതിനാലും ശ്വാസകോശ സംബന്ധമായി രോഗബാധിതനായതിനാലും മനഃപൂർവ്വമല്ലാത്ത ഈ വിഷയത്തിൽ ടിയാനുണ്ടായ വീഴ്ച മാപ്പാക്കണമെന്നും വിവരാവകാശ നിയമപ്രകാരമുള്ള ശിക്ഷാനടപടികളിൽ നിന്നും ടിയാനെ ഒഴിവാക്കണമെന്നുമാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

മേൽ വിശദീകരണത്തിൽ ബോധിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ തൃപ്തികരമാണെന്ന് കമ്മീഷൻ വിലയിരുത്തി. അപ്പീൽ ഹർജിയിലെ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഇന്നേ ദിവസം 2022 ജൂലൈ 5–ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ.വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

RIGHT TO INFORMATION